പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 299 | 10.12.2012 ൽ മറുപടിക്ക്

സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് പദ്ധതി

| ചോദ്യം<br>ശ്രീമതി കെ.കെ. ലതിക | | മറുപടി<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി | |
|---|---|---|---|
| (എ) | സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് പദ്ധതി കൂടുതൽ സ്കൂളുകളിൽ അനുവദിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; | (എ) | ഇപ്പോൾ പരിഗണനയിലില്ല. |
| (ബി) | പ്രസ്തുത പദ്ധതി ആരംഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ; | (ബി) | അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) | കുറ്റ്യാടി ഗവ.ഹയർ സെക്കണ്ടറി സ്കൂളിൽ എസ്.പി.സി. പദ്ധതി ആരംഭിക്കുന്നതിന് സർക്കാർ നടപടികൾ സ്വീകരിക്കുമോ ; | (സി) | നടപ്പ് അദ്ധ്യയന വർഷത്തിൽ പുതിയ വിദ്യാലയങ്ങളിൽ പദ്ധതി അനുവദിക്കുന്ന കാര്യം പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ

<u>പുതിയതായി എസ്.പി.സി യൂണിറ്റുകൾ സ്കൂളുകളിൽ ആരംഭിക്കുന്നതിന് വേണ്ട നിബന്ധനകൾ</u>

1. സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിയെ സംബന്ധിച്ച സർക്കാർ ഉത്തരവ് നമ്പർ (പി) 121/2010/ആഭ്യന്തരം തീയതി 29.05.2010 ചുവടെ ചേർത്തിട്ടുള്ള നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

- സജീവമായതും സേവനപാരമ്പര്യവുമുള്ള അദ്ധ്യാപക രക്ഷാകർത്തൃസമിതിയുണ്ടായിരിക്കണം.
- സ്റ്റുഡന്റ്സ് പോലീസ് കേഡറ്റിന്റെ നടത്തിപ്പിനായി ഒരു അദ്ധ്യാപകനും ഒരു അദ്ധ്യാപികയെങ്കിലും സന്നദ്ധരായിരിക്കണം.
- കായികപരിശീലനത്തിനായി അനുയോജ്യമായ ഒരു ഗ്രൗണ്ട് ഉണ്ടായിരിക്കണം.
- ഹൈസ്ക്കൂളിലും ഹയർസെക്കന്ററി സ്ക്കൂളിലുമായി 500ൽ കൂടുതൽ കുട്ടികൾ പഠിക്കുന്ന സർക്കാർ, സർക്കാർ എയ്ഡഡ് വിദ്യാലയങ്ങളായിരിക്കണം.
- നിലവിൽ സ്റ്റുഡന്റ്-പോലീസ് കേഡറ്റുകൾക്ക് പരിശീലനം നല്കുന്ന എല്ലാ സ്കൂളുകളേയും ഉൾപ്പെടുത്താവുന്നതാണ്.
- ഒരു പോലീസ് സർക്കിളിൽ ഒരു വിദ്യാലയം എന്ന നിലയിൽ ഒരു പോലീസ് ജില്ലയിൽ പരമാവധി 6 സ്കൂളുകൾ അനുവദിക്കാവുന്നതാണ്.

കൂടാതെ നിഷ്കർഷിച്ചിട്ടുള്ള നിബന്ധനകൾ താഴെ ചേർത്തിരിക്കുന്നു.

2. ഗവണ്മെന്റ് സ്കൂളുകൾക്കും, എയ്ഡഡ് സ്കൂളുകൾക്കും മാത്രമേ എസ്.പി.സി. പദ്ധതി നടപ്പിലാക്കുവാൻ സർക്കാർ ധനസഹായത്തിന് അർഹതയുണ്ടായിരിക്കുകയുള്ളു. പ്രൈവറ്റ് സ്കൂളുകളിൽ എസ്.പി.സി. പദ്ധതി നടപ്പിലാക്കുന്നതിന് അതാത് സ്കൂൾ അധികാരികൾ ഫണ്ട് ലഭ്യമാക്കേണ്ടതാണ്.

3. സ്കൂളുകളിലെ ഒന്നു വീതം അദ്ധ്യാപിക, അദ്ധ്യാപകൻ എന്നിവരെ കമ്മ്യൂണിറ്റി പോലീസ് ഓഫീസർമാരായി നിയമിക്കേണ്ടതാണ്.

4. സ്റ്റേറ്റ് നോഡൽ ഓഫീസറുടെ ഓഫീസിൽ നിന്നും ലഭിക്കുന്ന ആക്ടിവിറ്റി കലണ്ടർ, ഡ്രിൽ മാന്വൽ, ഇൻഡോർ മാന്വൽ എന്നിവ പ്രകാരമായിരിക്കണം ഓരോ സ്കൂളിലേയും എസ്.പി.സി.യുടെ ദൈനംദിന പ്രവർത്തനങ്ങൾ

5. എല്ലാ സ്കൂളുകളിലും എസ്.പി.സി. യൂണിറ്റിനായി ഒരു പ്രത്യേക ഓഫീസ് സജ്ജീകരിക്കേണ്ടതും എസ്.പി.സി. ഓഫീസിനോടനുബന്ധിച്ച് എസ്.പി.സി. കേഡറ്റുകൾക്ക് (ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും) വസ്ത്രം മാറുന്നതിനും മറ്റുമായി പ്രത്യേകം മുറികൾ ഉണ്ടായിരിക്കേണ്ടതുമാണ്.

6. എസ്.പി.സി കേഡറ്റുകളുടെ പരിശീലനത്തിന് മതിയായ സ്ഥല സൗകര്യം (മൈതാനം) ഓരോ സ്കൂളിലും ഉണ്ടായിരിക്കേണ്ടതാണ്.

7. എസ്.പി.സി. യൂണിറ്റുകളുടെ സുഗമമായ പ്രവർത്തനങ്ങൾക്ക് ചില സമയങ്ങളിൽ ഫണ്ട് മുൻകൂറായി സ്കൂൾ അധികൃതർ സ്വയം സംഘടിപ്പിക്കേണ്ടതായി വന്നേക്കാം. അത്തരം സംഭവങ്ങളിൽ ഫണ്ട് കണ്ടെത്തേണ്ട ചുമതല അതാത് സ്കൂൾ പി.ടി.എ ക്കായിരിക്കും.

8. ഓരോ സ്കൂളിലെയും എട്ടാം ക്ലാസ് വിദ്യാർത്ഥികളെ മാത്രമേ എസ്.പി.സി. പദ്ധതിയിലേക്ക് തിരഞ്ഞെടുക്കാവൂ. ഇവർ അടുത്തവർഷവും (ഒൻപതാം ക്ലാസ്) എസ്.പി.സി. പദ്ധതിയിൽ തുടരേണ്ടതാണ്.

9. എസ്.പി.സി യൂണിറ്റുകൾ അനുവദിക്കാനും, എസ്.പി.സി യൂണിറ്റ് അനുവദിച്ച സ്കൂളുകളുടെ പ്രവർത്തനം വിലയിരുത്തി യൂണിറ്റിന്റെ അംഗീകാരം നീക്കം ചെയ്യാനും ജില്ലാ ഉപദേശക സമിതിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ എസ്.പി.സി യുടെ സംസ്ഥാനതല ഉപദേശകസമിതിക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.

10. ഒരു പോലീസ് സ്റ്റേഷൻ പരിധിയിൽ രണ്ടിൽകൂടുതൽ സ്കൂളുകളിൽ ഇനി മുതൽ എസ്.പി.സി യൂണിറ്റ് അനുവദിക്കുന്നതല്ല. (സർക്കാർ/പ്രൈവറ്റ്)

11. എട്ടാം ക്ലാസ്സിൽ മാത്രം 22 ആൺ കുട്ടികളും 22 പെൺ കുട്ടികളും എസ്. പി. സി പദ്ധതിയിൽ ചേരാൻ ഉണ്ടെങ്കിൽ മാത്രമെ സ്കൂളുകൾക്ക എസ്.പി.സി യൂണിറ്റ് അനുവദിക്കുകയുള്ളൂ. ആൺകുട്ടികൾ മാത്രമോ, പെൺകുട്ടികൾ മാത്രമോ ഉള്ള സ്കൂളുകളിൽ 44 പേർ എസ്. പി. സി. പദ്ധതിയിൽ നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്. എട്ടിലെയും ഒമ്പതിലെയും കുട്ടികളെ കൂട്ടിച്ചേർത്ത് ഒരു എസ്.പി.സി യൂണിറ്റ് തുടങ്ങുവാൻ യാതൊരു കാരണവശാലും അനുവദിക്കുന്നതല്ല.

12. ഓണം, ക്രിസ്തുമസ് അവധികാലങ്ങളിൽ നടക്കുന്ന എസ്. പി. സി സ്കൂൾ തല ക്യാമ്പുകളിലും, സംസ്ഥാന തലത്തിൽ നടത്തുന്ന വേനലവധി ക്യാമ്പുകളിലും ആവശ്യപ്പെടുന്ന അധ്യാപകരുടെയും, കേഡറ്റുകളുടെയും സാന്നിധ്യം ഉറപ്പുവരുത്തേണ്ടതാണ്

13. സി. പി. ഒ മാർക്കും, എ. സി. പി. ഒ മാർക്കുമായി നടത്തുന്ന പരിശീലന ക്ലാസ്സുകളിൽ അവരെ പങ്കെടുപ്പിക്കുന്നതിന് സൗകര്യം ഉണ്ടാക്കേണ്ടതാണ്.

14. രണ്ട് മാസത്തിൽ ഒരു തവണ സ്കൂൾ തല ഉപദേശക സമിതി യോഗം നടത്തേണ്ടതാണ്.

15. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നും, ബന്ധപ്പെട്ട സ്ഥലം എം. എൽ. എ./എം. പി. എന്നിവരിൽ നിന്നും എസ്. പി. സി പദ്ധതിക്കായുള്ള ഫണ്ട് സ്വരൂപിക്കുന്നതിനാവശ്യമായ ശ്രമങ്ങൾ നടത്തേണ്ടതാണ്.

സെക്ഷൻ ഓഫീസർ